MR. A. ABDUL RAZAK (*Nedumangad I—Muslim Reserved*): ഇങ്ങനെ ഗ്ലാസ് പ്ലാൻറ് മാറി പെട്രോൾ ബസ്സ്, അതുകൊണ്ടു എത്ര എണ്ണം ഇപ്പോൾ ഓടുന്നുണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

Enquiry into the charges of the Transport Director.

4. MR ABDUL AZIZ (*Trivandum I—Muslim*) : Will the Honourable Minister for Transport be pleased to state:

(a) Whether a report has been submitted on the enquiry into the charges against the Transport Director.

(b) if so, the action taken by Government on the report.

HON'BLE MR. T. M. VARGHESE : അങ്ങനെ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്.

MR. ABDUL AZIZ : അതിന്മേൽ എന്തു നടപടി നടത്തി എന്നു പറയാമോ?

HON'BLE MR. T. M VARGHESE : അതു് ഗവൺമെൻറിൻെറ പരിശോധനയിൽ ഇരിക്കുകയാണ്. വളരെ ഗൌരവമായ ഒരു സംഗതിയായതുകൊണ്ടു് ഗവൺമെൻറ് അതിനെപ്പറ്റി നല്ലതുപോലെ ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

MR. P. K. KUNJU : റിപ്പോർട്ട കിട്ടിയിട്ട് എത്ര കാലമായി?

HON'BLE MR. T. M. VARGHESE : റിപ്പോർട്ട കിട്ടിയിട്ട് അധിക കാലം ആയിട്ടില്ല. കേസിൻെറ ഗൌരവം അനുസരിച്ചു ആലോചിച്ചു തീരുമാനിക്കുന്നതിനു തക്കവണ്ണം ഉള്ള സമയം ആവശ്യമായതുകൊണ്ടു് റിപ്പോർട്ട കിട്ടിയിട്ടു കാലതാമസമുണ്ടായിട്ടില്ലെന്നു വേണം പറയുവാൻ.

MR. K. R. ELANKATH : കുറ്റപത്രമായ ആരോപണങ്ങൾ ഉണ്ടോ?

HON'BLE MR. T. M. VARGHESE : ഉണ്ടു്, അതുകൊണ്ടാണു വളരെ ഗൌരവമായി ആലോചിച്ചുകൊണ്ടിരിക്കുന്നതു്.

MR. ABDUL AZIZ : ആ റിപ്പോർട്ട പരസ്യപ്പെടുത്തുന്നതിനു വല്ല തടസ്സവുമുണ്ടോ?

HON'BLE MR. T. M. VARGHESE : ഒരു റിപ്പോർട്ട് തീരുമാനത്തിനു മുൻപു് പരസ്യപ്പെടുത്താൻ പാടില്ല

MR. ABDUL AZIZ : തീരുമാനത്തിനു് എത്ര സമയം വേണം?

HON'BLE MR. T. M. VARGHESE : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ : ഉദ്ദേശമായിട്ടെങ്കിലും പറയാമോ?

HON'BLE MR. T. M. VARGHESE : അതു തിട്ടപ്പെടുത്തിപ്പറയുവാൻ നിവൃത്തിയില്ല.

MR. S. KUTTAN (*Neyyattinkara I—General*) : ഇങ്ങനെ ചാർജ്ജുകളും ഉള്ള ഒരു ഉദ്യോഗസ്ഥനെ, ഇപ്പോഴും സർവീസിൽ വച്ചുകൊണ്ടിരിക്കുന്നതു നല്ലതെന്ന് ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ആരോപണങ്ങൾ അടിസ്ഥാനമുള്ളതാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനുമുൻപ് ആ ഉദ്യോഗസ്ഥനെ മാറാൻ പാടില്ലെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

MR. P. NANOO : സർ, ഒരു പായിൻറു ആഫ് ഓർഡർ. ഉപചോദ്യങ്ങൾ എന്താണെന്നോ അതിൻെറ മറുപടി എന്താണെന്നോ ഒന്നും ഞാൻ കേൾക്കുന്നില്ല.

MR. PRESIDENT : ഇതിനെപ്പറ്റി പല അവസരങ്ങളിലും പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. തൽക്കാലം ഈ ഹാളിൻെറ അകത്തുള്ള സൌകര്യംപോലെ ചെയ്യാമെന്നല്ലാതെ ക്ലൂതലായി മന്നം പറയുവാൻ നിവൃത്തിയില്ല. ഈ നാനത പരിഹരിക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും ചെയ്യുകയോ മറ്റു സൌകര്യങ്ങൾ ഉണ്ടാക്കുകയോ ചെയ്യാതെ നിവൃത്തിയില്ല. ഇപ്പോൾ ഉള്ള സൌകര്യങ്ങൾകൊണ്ടുമാത്രമേ നടപടി കൊണ്ടുപോകുവാൻ നിവൃത്തിയുള്ളൂ.

MR. P. BALAKRISHNAN THAMPI : I rise to a point of order. The question whether the proceedings should not be adjourned for this purpose, that neither the questions nor the answers are heard in this part of the House, may be answered.

MR. PRESIDENT : അതിനെ സംബന്ധിച്ച് ഞാൻ ഇപ്പോൾ ഒരു പ്രസ്താവന പുറപ്പെടുവിച്ചുതേയുള്ളൂ.

HON'BLE MR. T. M. VARGHESE : മി. രാമമൂത്തിയെപ്പറ്റി ... ...

MR. P. BALAKRISHNAN THAMPI: Louder please.

HON'BLE MR. T. M. VARGHESE : മി. രാമമൂത്തിയെപ്പറ്റി ആരോപണങ്ങളൊന്നും ഉണ്ടായിട്ടില്ല. ഗവൺമെൻറ് മി. ശങ്കരനെ...

MR. P. BALAKRISHNAN THAMPI: Louder please.

MR. PRESIDENT : മി. തമ്പി അനാവശ്യമായി ബഹളത്തിന് തുടങ്ങുകയാണെങ്കിൽ എനിക്കു കർശനമായ നടപടി സ്വീകരിക്കേണ്ടിവരും.

MR. ABDUL AZIZ : ആ ആരോപണങ്ങൾ ശരിയാണോ അല്ലയോ എന്നുള്ള ഫൈൻറിങ്ങ് ആ റിപ്പോർട്ടിൽ ഇല്ലെന്നാണോ മനസ്സിലാക്കേണ്ടതു"?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : അങ്ങനെയല്ല. ആ ഉദ്യോഗസ്ഥൻ ശിക്ഷയ്ക്ക് അർഹനാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി റിപ്പോർട്ടിൽ ഇല്ല. ഒരു പ്രത്യേകകാര്യം അന്വേഷിക്കുന്നതിനാണ് എൻകമ്പറി ആഫീസറോട് ആവശ്യപ്പെട്ടത്. ആ ഉദ്യോഗസ്ഥൻ ശിക്ഷാർഹനാണോ അല്ലയോ എന്നുള്ള കാര്യത്തിൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. അതു തീരുമാനിക്കേണ്ടതു ഗവണ്മെന്റു മാത്രമാണ്. ആ ഉദ്യോഗസ്ഥൻ ചില വീഴ്ചകൾ ചെയ്തതിന്റെ ഫലമായിട്ട് ഗവണ്മെന്റിനു കുറെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും അതു് എങ്ങനെ പരിഹരിക്കാം എന്നും മറ്റുമുള്ള സംഗതികളാണു റിപ്പോർട്ട് ആവശ്യപ്പെട്ടത്. അതിന്റെ സകല വിവരങ്ങളും നോക്കി തീരുമാനിക്കുന്നതിനു സ്വല്പം സമയം കൂടി വേണം.

MR. P. K. RAMAN (*Sherthalai II—General*): ചോദ്യങ്ങൾക്കു മറുപടി പറയുന്നതു് പ്രസ്താവനയുടെ രൂപത്തിലാകാമോ?

MR. PRESIDENT : മറുപടി വ്യക്തമാകണമെങ്കിൽ കുറെ വിവരമായി പറയുവാനുണ്ടായിരിക്കും.

MR. K. R. ELANKATH : ഒരുദ്യോഗസ്ഥന്റെ പേരിൽഗൌരവതരമായ ആരോപണങ്ങൾ ഉണ്ടെന്നും അതിനെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്നും പ്രതീക്ഷിക്കുന്ന സ്ഥിതിക്ക്, ആ ഉദ്യോഗസ്ഥനെ ഈ അന്വേഷണസമയത്തു് ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കുന്നതു വിഹിതമാണോ ?

HON'BLE MR. T. M. VARGHESE : അതു് ഗവണ്മെന്റിന്റെ അഭിപ്രായംപോലെ ചെയ്യാവുന്നതാണ്. അങ്ങനെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ദോഷമില്ലെന്നു കണ്ടു. ചില വിവരങ്ങൾ അറിയേണ്ടതുണ്ട്. അതിന്റെ കാര്യം തീരുമാനിക്കുന്നതുവരെ അദ്ദേഹത്തെ മാറ്റേണ്ട ആവശ്യമില്ല.

MR. K. R. ELANKATH : വിവരങ്ങൾ അറിയേണ്ടതു് ഡിപ്പാർട്ടുമെന്റിൽനിന്നോ പൊതുജനങ്ങളിൽനിന്നോ?

HON'BLE MR. T. M. VARGHESE : ജനങ്ങളിൽ നിന്നല്ല.

MR. ABDUL AZIZ : അതു് തീരുമാനിക്കുന്നതിനും മറ്റും ഇനിയും ഒരു കമ്മീഷനൊ മറ്റൊ വേണോ?

HON'BLE MR. T. M. VARGHESE : ആവശ്യമില്ല.

Income and Expenditure of the Transport Department.

5. MR. V. A. ABDUL AZIZ : Will the Honourable Minister for Transport be pleased to state the income and expenditure of the Department each year ending with 1947?

LIBRARY ARCHIVES Kerala Legislative Assembly